**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2801 — 14.12.2015 ൽ മറുപടിയ്ക്ക്

## OEC വിഭാഗത്തിൽപെടുന്ന സ്കൂൾ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | മുൻകാലങ്ങളിൽ ഒ. ഇ. സി. വിഭാഗത്തിൽപെടുന്ന 1 മുതൽ 10 വരെയുള്ള സ്കൂൾ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് നല്കിയിരുന്നത് എത് വകുപ്പ് മുഖേനയായിരുന്നു; | എ) | 2014-15 വരെ ഒ. ഇ. സി. പ്രീമെട്രിക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിയിരുന്നത് പട്ടികജാതി വികസന വകുപ്പാണ്. |
| ബി) | 2015-16 മുതൽ ഇതിന് മാറ്റം വരുത്തിയിട്ടുണ്ടോ;ഏത് ഡിപ്പാർട്ടമെന്റിനെയാണ് ഇതിന്റെ വിതരണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്; സ്കൂൾ തുറന്ന് മാസങ്ങള് കഴിഞ്ഞിട്ടും ഈ വിഭാഗത്തിലെ കുട്ടികൾക്ക് ഗ്രാന്റ് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഭാഗത്തിലെ കുട്ടികൾക്കുള്ള ഗ്രാന്റ് വിതരണം മുൻ വർഷങ്ങളിലെപ്പോലെ പട്ടികജാതി വകുപ്പിനെ തന്നെ ഏൽപ്പിക്കാനും ആയത് അടിയന്തിരമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ? | ബി) | ഉണ്ട്. പിന്നാക്ക സമുദായ വികസന വകുപ്പാണ് 2015-16 മുതൽ ടി ആനുകൂല്യം നല്കുന്നത്. 2015-16 മുതൽ ഒ. ഇ. സി. പ്രീമെട്രിക്ക് ആനുകൂല്യം ഓൺലൈനായി സ്കൂൾ പ്രധാനാധ്യാപകർക്ക് നല്കുകയായിരുന്നു. 29.06.2015 തീയതി മുതൽ അപേക്ഷ ക്ഷണിക്കുകയും ഓൺലൈനായി അപേക്ഷ ലഭിച്ച അർഹരായ വിദ്യാർത്ഥികൾക്കുള്ള തുക സെപ്റ്റംബർ മാസം അക്കൗണ്ടിലേയ്ക്ക് നല്കുകയും ചെയ്തിട്ടുണ്ട്. 2016-17 മുതൽ കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് ലംപ്സം ഗ്രാന്റ് നല്കുന്നതിനുള്ള ആദ്യപടിയായി ആണ് 2015-16-ലെ തുക പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്ക് നല്കിയത്. യഥാസമയം ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്ത സ്കൂളുകൾക്ക് വീണ്ടും അവസരം നല്കി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ആയത് അനുവദിച്ച് നല്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു.<br>ഒ. ഇ. സി. വിഭാഗം വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത് പിന്നോക്ക സമുദായ വികസന വകുപ്പായതിനാലാണ്, 2015-16 മുതൽ |

| | | | |
|---|---|---|---|
| | | | വിതരണച്ചുമതല വകുപ്പിനെ എൽപ്പിച്ചിട്ടുള്ളത്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നല്കുന്നതിനായുള്ള സാങ്കേതിക സൗകര്യം ഒരുക്കുന്നതിനാലാണ് 2015-16-ൽ തുക വിതരണം സെപ്റ്റംബർ വരെ നീണ്ടുപോയത്. പുതിയ വിതരണ രീതി കൂടുതൽ ഫലപ്രദവും ഭാവിയിൽ എളുപ്പത്തിൽ വിതരണം നിർവ്വഹിക്കുന്നതിന് സഹായകരവുമായി തീരും. |

**സെക്ഷൻ ഓഫീസർ**